/279700/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/898/2023-A9 തീയതി: 16-02-2023

**<u>സർക്കുലർ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 06.11.2021 ന ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ ഉൾപ്പെടുത്തി സീനിയോരിറ്റി ലിസ്റ്റ് പുതുക്കുന്നത് - ജീവനക്കാരുടെ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:- 19.04.2022 തീയതിയിലെ DT/2883/2021-A9 നമ്പർ ഉത്തരവ്.

------

വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 06.11.2021 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി കാലയളവിനു ശേഷം ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ കൂടി ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് പുതുക്കുന്നതിലേയ്ക്കായി 07.11.2021 മുതൽ 31.01.2023 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിച്ച് , ഇതോടൊപ്പമുള്ള പ്രൊഫോർ മയിൽ **<u>25.02.2023 നകം തപാൽ മാർഗം ലഭ്യമാക്കേണ്ടതാണ്</u>**. CRU മുഖേനെ സമർപ്പിക്കേണ്ടതില്ല.

1. പി.എസ്.സി മുഖേനെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ Advice Memo യുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രൊഫോർമയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. അന്തർ വകുപ്പ്/അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേനെ വകുപ്പിൽ സേവനത്തിലുള്ള ജീവനക്കാരുടെ വിവരം , നിയമന ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടെ പ്രത്യേകം ലഭ്യമാക്കേണ്ടതാണ്.
3. നിലവിൽ സേവനത്തിലുള്ളതും, സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതകൾ സീനിയോരിറ്റി ലിസ്റ്റിൽ ചേർക്കുന്നതിനു ടി ജീവനക്കാരുടെ അപേക്ഷ , സാക്ഷ്യപ്പെടുത്തിയ യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

4. ടി ലിസ്റ്റിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് സ്ഥാനകയറ്റം അനുവദിക്കുകയോ, വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ മേൽ വിവരം , സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.
5. സൂചന സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, NTC/NAC/STC യോഗ്യതയുള്ളതുമായ ജീവനക്കാരുടെ വിവരം വിവിധ കാലയളവുകളിൽ ശേഖരിക്കുകയും, ടി ജീവനക്കാർക്ക് വർക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി മേൽ വിവരം ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ, പ്രത്യേകം സമർപ്പിക്കേണ്ടതാണ്.
6. തപാൽ മാർഗം സമർപ്പിക്കാത്തതും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**പ്രൊഫോർമ**

| Sl No. | Name & Designation | Date of Birth | No & Date of Advice | Date of entry in service | Date of declaration of probation | Qualification | Remarks |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

ANEESH A B, ADO DTTVPM, O/O ADO DTTVPM

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി